**പതിമൂന്നാം കേരള നിയമസഭ**

അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 7901**

**23.07.2012 - ൽ മറുപടിയ്ക്ക്**

**എ.ആർ. ബറ്റാലിയനിലേക്കുള്ള അന്തർ ജില്ലാ സ്ഥലംമാറ്റത്തിലെ അപാകതകൾ**

| ചോദ്യം<br>ശ്രീ. വി.ഡി. സതീശൻ | ഉത്തരം<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
|---|---|
| (എ) തിരുവനന്തപുരം സിറ്റി എ.ആർ ലേക്കുള്ള അന്തർ ജില്ലാ സ്ഥലം മാറ്റത്തിന് തിരുവനന്തപുരം സിറ്റി (എ.ആർ) ൽ ഉണ്ടാകുന്ന ഒഴിവുകളുടെ 10% ത്തിന് പകരം എസ്.എ.പി യിൽ നിന്നും സിറ്റി എ.ആർ ലേക്ക് ട്രാൻസ്ഫർ ആകുന്ന പോലീസുകാരുടെ എണ്ണത്തിന്റെ 10% ആണ് പരിഗണിക്കുന്നത് എന്ന അപാകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ബി) സിറ്റി എ.ആർ ൽ ഉണ്ടാകുന്ന ഓരോ 10 ഒഴിവുകളിലേക്കും നിയമാനുസരണം എസ്.എ.പി യിൽ നിന്നും 9 പോലീസുകാർ സിറ്റി എ.ആർ ലേക്ക് ട്രാൻസ്ഫർ ആകുമ്പോഴും പത്താമനായി അന്തർ ജില്ലാ സ്ഥലംമാറ്റ ലിസ്റ്റിലുള്ള ആൾക്ക് ട്രാൻസ്ഫർ നൽകാൻ സാധിക്കാറുണ്ടോ എന്ന് വ്യക്തമാക്കുമോ ; | (ബി) സാധിക്കാറില്ല |
| (സി) 2000-2011 കാലയളവിൽ എസ്.എ.പി യിൽ നിന്നും 2550 പേർ സിറ്റി എ.ആർ ലേക്ക് ട്രാൻസ്ഫർ ആകുകയും അതിന്റെ 10 % ആയ 254 പേർക്ക് അന്തർ ജില്ലാ സ്ഥലം മാറ്റം നൽകുയും ചെയ്തപ്പോൾ ഉണ്ടായ 2804 ഒഴിവിൽ 280 പേർക്ക് അന്തർ ജില്ലാ സ്ഥലം മാറ്റം നൽകുന്നതിന് പകരം 254 പേർക്ക് മാത്രം സ്ഥലം മാറ്റം നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) 2000-2011 കാലയളവിൽ 2804 ഒഴിവുകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രസ്തുത കാലയളവിൽ ഉണ്ടായിരുന്ന 2550 ഒഴിവുകൾക്ക് ആനുപാതികമായി 254 പേർക്ക് അന്തർ ജില്ലാ സ്ഥലം മാറ്റം നൽകിയിട്ടുണ്ട്. |
| (ഡി) ഉണ്ടെങ്കിൽ ബാക്കിയുള്ള 26 പേർക്കു കൂടി നിലവിലുള്ള അന്തർ ജില്ലാ സ്ഥലംമാറ്റ ലിസ്റ്റിൽ നിന്നും ട്രാൻസ്ഫർ അനുവദിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ ? | (ഡി) ബാധകമല്ല. |

സെക്ഷൻ ഓഫീസർ